**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3294** **04-08-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയാൻ ബാലാവകാശ കമ്മീഷന്റെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയാൻ ബാലാവകാശ കമ്മീഷൻ എന്തൊക്കെ ശിപാർശകളാണ് സമർപ്പിച്ചിരിക്കുന്നതെന്നറിയിക്കാമോ; | (എ) | ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിങ്ങും, പുനരധിവാസവും എന്ന വിഷയത്തെ ആസ്പദമാക്കി സംസ്ഥാനതലത്തിൽ നടത്തിയ കൂടിയാലോചനാ യോഗത്തിൽ നിന്നും ഉയർന്നുവന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ആയതിന്റെ നിർദ്ദേശങ്ങൾ "പോക്സോ ആക്ടും റിപ്പോർട്ടിംഗും പുനരധിവാസവും" എന്ന തലക്കെട്ടിൽ ശുപാർശകൾ പുസ്തക രൂപത്തിൽ സമർപ്പിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിന്റെ ഭാഗമായി നേരിട്ട് പരാതികളായും സ്വമേധയായും പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. ആയതിന്റെ ഭാഗമായി പല കർത്തവ്യവാഹകരിൽ നിന്നും പോലീസിൽ നിന്നും റിപ്പോർട്ട് തേടിയതിനുശേഷം കുട്ടിയുടെ സംരക്ഷണത്തിനാവശ്യമായ നിർദ്ദേശങ്ങൾ ശുപാർശകളായി നൽകിവരുന്നുണ്ട്. ഓരോ കേസിലെയും facts & circumstances വേറെയാണ് എന്നതിനാൽതന്നെ ഓരോ പരാതികളിലും ആയതിന്റെ അടിസ്ഥാനത്തിലുള്ള ശുപാർശകളാണ് നൽകി വരുന്നത്. |
| (ബി) | വാളയാറിലും പാലത്തായിയിലും കുട്ടികളെ പീഡിപ്പിച്ചവർക്കെതിരെ പോലീസ് അന്വേഷണം ഫലപ്രദമല്ല എന്ന കോടതികളുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുട്ടികൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പോലീസ് ഇൻവെസ്റ്റിഗേഷൻ നടപടികളിൽ എന്തെങ്കിലും മാറ്റങ്ങൾ ബാലാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | കോവിഡ് കാരണം കുട്ടികൾ വീടുകൾക്കുള്ളിൽ | (സി) | ഉണ്ട്. മാനസിക പിരിമുറക്കം, സാമൂഹിക |

| | | | |
|---|---|---|---|
| | കഴിയേണ്ടിവരുന്ന സാഹചര്യത്തിൽ കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് ബാലാവകാശ കമ്മീഷൻ നടപ്പിലാക്കിയതെന്നറിയിക്കുമോ? | | അകൽച്ചയും, സ്കൂൾ അടച്ചിട്ടിരിക്കുന്നതു മൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും, ചുറ്റുപാടുകളിൽ നിന്നുള്ള കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനായി ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (ബാല സംരക്ഷണ സമിതികൾ) പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും രൂപീകരിക്കുന്നതിന് ഉത്തരവ് നൽകിയിരുന്നു. കൂടാതെ മുൻസിപ്പാലിറ്റികളും, മുൻസിപ്പൽ കോർപ്പറേഷനുകളിലും ബാലസംരക്ഷണ സമിതികൾ രൂപീകരിക്കുന്നതിനും, സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി രൂപീകരിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ കുട്ടികളുടെ സംരക്ഷണം സർക്കാരിന്റെ പ്രധാന ഉത്തരവാദിത്തമാകയാൽ, ബാലാവകാശ സംരക്ഷണ കമ്മീഷൻ കുട്ടികളുടെ സുരക്ഷയ്ക്കായി ബാല സൗഹ്യദ കേരളം എന്ന പദ്ധതി ആവിഷ്കരിക്കുകയും 2020-ൽ 14 ജില്ലകളിൽ നിന്ന് ജില്ലാ പഞ്ചായത്തിന്റെയും, ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെയും നിർദ്ദേശപ്രകാരം തെരെഞ്ഞെടുക്കപ്പെട്ട 14 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബാല സംരക്ഷണ സമിതികളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് പരിശീലനം നൽകുകയും, തുടർ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് ജില്ലാതലത്തിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രതിനിധികൾ, ഐ.സി.ഡി.എസ് പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്കായി സംസ്ഥാന തലത്തിൽ ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണത്തിനായി പരിശീലകർക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ